# "മകനേ,... എനിക്കുള്ളതെല്ലാം നിന്റേതാണ്."

ലൂക്ക 15, 31



## വിചിന്തനം

നവംബർ 2024

ആഴമേറിയ പിതൃസ്നേഹം വരച്ചുകാണിക്കുന്ന ധൂർത്തപുത്രന്റെ ഉപമ അവസാനിക്കുന്നത് ഒരു ചോദ്യം അവശേഷിപ്പിച്ചാണ്. മൂത്തമകനെ വിരുന്നിലേക്ക് ആനയിക്കുന്നതിൽ ആ പിതാവ് വിജയിച്ചോ എന്ന ചോദ്യം. ഒരുപക്ഷേ, മൂത്തമകനുമായി ബന്ധപ്പെടുത്തി ഒരു കഥാന്ത്യം ഓരോ കേൾവിക്കാരനും സ്വന്തം ജീവിതത്തിൽത്തന്നെ കണ്ടെത്തണമെന്ന് ഈശോ ആഗ്രഹിക്കുന്നുവോ? അതേസമയം, തനിക്കുള്ളതിൽ ഏറ്റവും മികച്ചത് മക്കൾക്കു നല്കാൻ വെമ്പൽകൊള്ളുന്ന ഒരു പിതാവിന്റെ ഹൃദയം ഏറെ ലളിതവും എന്നാൽ ഉദാത്തവുമായ രീതിയിൽ ആ മഹാകഥാകാരൻ തുറന്നുകാണിക്കുന്നുമുണ്ട്. ഉപമയിലെ പിതാവിന്റെ മൂത്തപുത്രനോടുള്ള മൃദുമന്ത്രണം നമ്മുടെ ഹൃദയത്തിലെത്തുന്നുണ്ടോ? മകനേ, നീ എപ്പോഴും എന്നോടുകൂടെ ഉണ്ടല്ലോ. എനിക്കുള്ളതെല്ലാം നിന്റേതാണ്.”

ഇളയമകൻ ഇക്കാര്യം എങ്ങനെയോ കൂടുതൽ നന്നായി മനസ്സിലാക്കിയിട്ടുണ്ടാകണം. അല്ലെങ്കിൽ സ്വത്തിൽ തന്റെ വിഹിതം തരണമെന്ന് അവൻ പിതാവിനോട് എങ്ങനെ ആവശ്യപ്പെടും? എന്നാൽ, ഇത്രയും വലിയ ഉദാരത സ്വീകരിക്കാൻ മനുഷ്യന്റെ ബലഹീനതയ്ക്ക് കഴിവില്ലല്ലോ. ഇതെല്ലാം തന്റെ പിതാവിന്റെ ഉദാരമനസ്കതയാണെന്ന് ഇന്ദ്രിയേച്ഛകളും അത്യാഗ്രഹങ്ങളും നിറഞ്ഞ അവന്റെ ഹൃദയത്തിന് മനസ്സിലാകുന്നുമില്ല. തന്റെ ദൗർബല്യങ്ങളിൽ വേരൂന്നിയ ആഗ്രഹങ്ങൾക്കു കീഴടങ്ങി അവൻ യാത്രചെയ്തു. ദൈവത്തിന്റെ മഹാമനസ്കതയെ ഗൗനിക്കാതെ ധൂർത്തപുത്രനെപ്പോലെ പ്രവർത്തിക്കുന്ന സാഹചര്യങ്ങൾ നമ്മുടെ ജീവിതത്തിലുമില്ലേ? ദൈവത്തിന്റെ കുടുംബത്തിലേക്ക് നമ്മെ ദത്തെടുക്കാനായി അവൻ നല്കിയ വില നാം പലപ്പോഴും തമസ്കരിക്കുകയല്ലേ ചെയ്യുന്നത്? ദൈവം തന്റെ അതിരില്ലാത്ത കരുണയിലൂടെ നമ്മെ ദൈവപുത്രസ്ഥാനത്തേക്കുയർത്തുമ്പോൾ, നാം നമ്മുടെ അമൂല്യമായ അവകാശങ്ങളെ കാണാതെ പോകുകയും കേവലം ഭൗതികനേട്ടങ്ങൾക്കായി അവിടുത്തെ ഒറ്റിക്കൊടുക്കുകയും ചെയ്യാറുണ്ടോ? എന്നിട്ടും ക്ഷമിക്കുന്നതിൽ മടുപ്പുതോന്നാത്ത ഹൃദയവുമായി കാത്തിരിക്കുന്ന ആ പിതാവ് നമ്മോടു മന്ത്രിക്കുകയാണ്;“എനിക്കുള്ളതെല്ലാം നിന്റേതാണ്. ”

അലക്സാൻഡ്രിയായിലെ വിശുദ്ധ ക്ലെമന്റ് പറയുന്നു, ‘പിതാവ് മകനെ അണിയിക്കുന്ന മേൽത്തരം വസ്ത്രം അമർത്യതയുടേതാണ്. മോതിരം രാജകീയ അടയാളവും വിശുദ്ധീകരണത്തിന്റെ മുദ്രയുമാണ്. ചെരുപ്പുകളാകട്ടെ, സ്വർഗയാത്രയ്ക്കായി നമ്മെ ഒരുക്കുന്നതും, തേഞ്ഞുതീരാത്തതുമാണ്. കൊല്ലപ്പെടുന്ന കൊഴുത്ത കാളക്കുട്ടി ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു തന്നെ.’ മേൽപറഞ്ഞവയെല്ലാം നമുക്കും സ്വന്തമാണ്, വിശ്വാസത്തോടെ സ്വീകരിക്കണമെന്നു മാത്രം!

എന്നാൽ, മൂത്തമകനിൽനിന്ന് സത്യം മറഞ്ഞിരിക്കുന്നു. പിതാവിന്റെ ഉദാരമനസ്സിന്റെ ഫലമായി തന്റെ സഹോദരനുലഭിച്ച മഹനീയ പദവി അവന് ഉൾക്കൊള്ളാനാകുന്നില്ല. ഇക്കാലമത്രയും പിതാവിനൊപ്പമായിരുന്നിട്ടും, പിതാവ് തന്റെമേൽ ചൊരിഞ്ഞ സ്നേഹത്തെക്കുറിച്ച് ഓർക്കാതെ അവൻ തന്റെ അഹത്തിന്റെ വഞ്ചന നിറഞ്ഞ മന്ത്രണങ്ങൾക്കു കാതോർക്കുകയാണ്. ആഹ്ലാദത്തിന്റെ വിരുന്ന് അവൻ നിരാകരിക്കുന്നു, അപ്പന്റെയും അനുജന്റെയും കൂട്ടായ്മയിൽനിന്നും ആ ഭവനത്തിൽ നിറഞ്ഞുനിന്ന ആനന്ദത്തിൽനിന്നും അവൻ സ്വയം ഒഴിവാകുന്നു. ഇതിനെല്ലാം കാരണമായി അവൻ പറയുന്നതോ, തന്റെ കൂട്ടുകാരോടൊപ്പം ആഘോഷിക്കാനായി ഒരാട്ടിൻകുട്ടിയെപ്പോലും പിതാവ് നൽകിയിട്ടില്ലെന്നും. അപ്പന്റെ സ്വത്തുക്കളിൽ തനിക്ക് അവകാശമുണ്ടെന്ന അറിവ് അവനില്ലാതെ പോയതെങ്ങനെ? സമ്പന്നമായ ആ ഭവനത്തിൽ തീർത്തും ദരിദ്രമായ ജീവിതമല്ലേ അവൻ നയിച്ചിരുന്നത്?

മൂത്തപുത്രന്റെ ഈ മനോഭാവം നമ്മുടെ ഹൃദയങ്ങളിലും കുടികൊള്ളുന്നതായി തോന്നിയിട്ടുണ്ടോ? ദൈവത്തിന്റെ അതിരില്ലാത്ത കരുണ മനസ്സിലാക്കിയ വി. പൗലോസ് പറയുന്നത് ഇങ്ങനെയാണ്. “സ്വപുത്രനെപ്പോലും ഒഴിവാക്കാതെ, നമുക്കെല്ലാവർക്കുംവേണ്ടി അവനെ ഏൽപിച്ചുതന്നവൻ അവനോടുകൂടെ സമസ്തവും നമുക്കു ദാനമായി നല്കാതിരിക്കുമോ? ” (റോമ 8, 32). കൃപയുടെ ധാരാളിത്തത്തിൽ ദൈവം തന്റെ ദൈവിക സ്വഭാവത്തിൽ നമ്മെ പങ്കുകാരാക്കുകയും (2 പത്രോ 1, 4) ക്രിസ്തുവിനൊപ്പം കൂട്ടവകാശം നല്കുകയും (റോമ 8, 17) ചെയ്തിരിക്കുന്നു. നമ്മിൽ ചൊരിയപ്പെട്ടിരിക്കുന്ന ഈ മഹത്ത്വത്തെക്കുറിച്ച് നാം ബോധവാൻമാരാണോ അതോ, ഇപ്പോഴും നമുക്കു ലഭിക്കാത്ത ഭൗതിക സുഖസൗകര്യങ്ങളുടെ ‘ആട്ടിൻകുട്ടികൾക്കായി’ നാം കരഞ്ഞ് കാലം കഴിക്കുകയാണോ ?

ദൈവപിതാവിനെ വ്യവസ്ഥകളില്ലാതെ വിശ്വസിക്കുക എന്നത് നമുക്ക് ബുദ്ധിമുട്ടായിരിക്കാം. ഇതിനെക്കുറിച്ച് ബെനഡിക്ട് പതിനാറാമൻ പാപ്പ പറയുന്നു, “ഇക്കാലത്ത് പിതൃത്വത്തെപ്പറ്റി സംസാരിക്കുന്നത് അത്ര എളുപ്പമല്ല. കുടുംബങ്ങൾ തകരുകയാണ്. ജോലിസ്ഥലം കുടുംബത്തെയും വിഴുങ്ങുന്നു. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പെടാപ്പാടുപെടുന്ന കുടുംബങ്ങൾ, ദൈനംദിന ജീവിതത്തിലേക്കുള്ള മാധ്യമങ്ങളുടെ നുഴഞ്ഞുകയറ്റം, ഇത്തരം സാഹചര്യങ്ങൾ പിതാവും മക്കളുമായുള്ള പ്രശാന്തവും ക്രിയാത്മവുമായ ബന്ധത്തിനു തടസ്സമാകുന്നു. അവരുടെ ഇടയിലെ ആശയവിനിമയത്തിൽ വിടവുണ്ടാകുന്നു, വിശ്വാസം നഷ്ടപ്പെടുന്നു, പിതാവിനോടുള്ള മക്കളുടെ ബന്ധം പ്രശ്നബാധിതമാകുന്നു. പിതൃഭാവത്തിന്റെ ഉത്തമ മാതൃകകളുടെ അഭാവത്തിൽ ദൈവത്തെ പിതാവായി സങ്കൽപ്പിക്കുന്നതുപോലും നമുക്ക് ബുദ്ധിമുട്ടായിരിക്കുന്നു. ഒരു സ്വേച്ഛാധിപതിയെപ്പോലെ കർക്കശമായി പെരുമാറുന്ന, തങ്ങളെ പരിഗണിക്കാത്ത, വാത്സല്യം തൊട്ടുതീണ്ടാത്ത, തങ്ങളോടൊപ്പം സമയം ചിലവഴിക്കാത്ത അപ്പൻമാരുള്ള മക്കൾക്ക്, ദൈവത്തെ അപ്പനായിക്കാണാനും തങ്ങളെത്തന്നെ ധൈര്യപൂർവം ഭരമേല്പിക്കാനും പ്രയാസമുണ്ടാകും.”

ഇവിടെയാണ് പരിപൂർണനായ പിതാവിനെ കാണാൻ നമുക്ക് യേശുവിന്റെ വെളിപ്പെടുത്തൽ ആവശ്യമായിവരുന്നത്. പീഢാനുഭവത്തിന്റെ തലേരാത്രിയിൽ “എനിക്കുള്ളതെല്ലാം അങ്ങയുടേതാണ്, അങ്ങേക്കുള്ളതെല്ലാം എന്റേതും” (യോഹ 17, 10) എന്ന് യേശു പറയുമ്പോൾ, തനിക്ക് പിതാവിലുള്ള അതിരറ്റ ആശ്രയത്വമാണ് അവൻ വെളിപ്പെടുത്തുന്നത്. ഈ വിശ്വാസത്തോടെ നമുക്കും പിതാവിന്റെ മന്ത്രണത്തോടു പ്രത്യുത്തരിക്കാൻ കഴിയും. പിതാവിന്റെ വാക്കുകളിൽ വിശ്വസിച്ച്, അവിടന്നു മക്കൾക്കായി ഒരുക്കിയ വിരുന്നുമുറിയിലേക്കു നമുക്കും പ്രവേശിക്കാം, അവിടത്തെ വിരുന്ന് ആവോളം ആസ്വദിക്കാം.

.........................................................................................